# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2996** **15.02.2013 ൽ മറുപടിക്ക്**

**കേരള സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി.സത്യൻ | | ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | കേരള സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ; | (എ) | ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | കെ.എസ്.എൽ.എം.എ.-യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി രണ്ടു മാസത്തിലൊരിക്കലും ജനറൽ കൗൺസിൽ വർഷത്തിലൊരിക്കലും വിളിച്ചു ചേർക്കണമെന്ന് നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടും ഇതു സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ പരാമർശമുണ്ടായിട്ടും ഇവ കൃത്യമായി വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കാത്തതെന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | എക്സിക്യൂട്ടീവ് കമ്മിറ്റി പുന:സംഘടിപ്പിച്ച് നിലവിൽ വന്നത് 10.11.2011 ൽ ആണ്. അതിനു ശേഷം 3 തവണ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ ജനറൽ കൗൺസിൽ പുന:സംഘടിപ്പിച്ചിട്ടില്ലാത്തതിനാലാണ് യോഗം ചേരാതിരുന്നത്. |
| (സി) | പത്താംതരം തുല്യതാക്ലാസ്സുകൾ തുടങ്ങി മാസങ്ങൾ കഴിഞ്ഞിട്ടും പഠിതാക്കളിൽ നിന്ന് പാഠപുസ്തകങ്ങൾക്കുള്ള വില ഈടാക്കിയിട്ടും പാഠപുസ്തകങ്ങൾ ലഭ്യമാക്കാത്തതെന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; | (സി) | സർക്കാർ പ്രസ്സിൽ ഫെബ്രുവരി 15 ന് ശേഷമേ പ്രിന്റിംഗ് ആരംഭിക്കാൻ കഴിയുകയുള്ളൂ എന്നറിയിച്ചതിനെ തുടർന്ന് സി-ആപ്റ്റിന് ഓർഡർ നൽകുകയും അച്ചടി പൂർത്തിയാക്കി പുസ്തകങ്ങൾ ജില്ലകളിലേക്ക് അയച്ചു തുടങ്ങിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കെ.എസ്.എൽ.എം.എ.-യുടെ സബ് കമ്മിറ്റികളിലൊന്നായ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി മാസത്തിൽ നിരവധി തവണ യോഗം ചേരുകയും എക്സിക്യൂട്ടീവ് കമ്മറ്റി കൈക്കൊള്ളേണ്ട തീരുമാനങ്ങളെടുത്ത് അവ നടപ്പിലാക്കിവരികയും ചെയ്തു വരുന്നത് എന്ത് മാനദണ്ഡത്തിലാണ്; പേഴ്സണൽ & അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി നിരന്തരം വിളിച്ചുചേർത്ത് സാക്ഷരതാ മിഷന് അമിത സാമ്പത്തികഭാരം വരുത്തിവയ്ക്കുന്നതിനെക്കുറിച്ചന്വേഷിക്കാമോ; നടപടി സ്വീകരിക്കുമോ; | (ഡി) | സാക്ഷരതാ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നയപരവും ഭരണപരവുമായ തീരുമാനങ്ങളെടുക്കാൻ വേണ്ടി എക്സിക്യൂട്ടീവ് കമ്മറ്റി കൂടെക്കൂടെ ചേരുമ്പോഴുണ്ടാകുന്ന ചെലവും ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിന് വേണ്ടിയാണ് സബ് കമ്മറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ഭരണപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനായി പേഴ്സണൽ & അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി രൂപീകരിക്കുകയും അതനുസരിച്ച് രൂപീകരിക്കപ്പെട്ട നാലംഗ സബ്കമ്മിറ്റി അടിയന്തിര പ്രാധാന്യമുള്ളതും ഭരണപരമായതുമായ വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിനായി വിവിധ യോഗങ്ങൾ കൂടിയിട്ടുണ്ട്. ഇക്കാരണത്താൽ അധിക സാമ്പത്തിക ഭാരം സാക്ഷരതാ മിഷന് ഉണ്ടായിട്ടില്ല. |
| (ഇ) | സാക്ഷരതാ മിഷന്റെ പേഴ്സണൽ & അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി, അക്ഷര കൈരളി, പത്രാധിപസമിതി തുടങ്ങിയവ 2012-13 സാമ്പത്തിക വർഷത്തിൽ എത്ര ദിവസം യോഗം ചേർന്നിട്ടുണ്ടെന്നും അതിൽ ആരൊക്കെ പങ്കെടുത്തിട്ടുണ്ടെന്നും അവർ എത്ര രൂപ വീതം ഏതൊക്കെ ദിവസങ്ങളിൽ യാത്രാപ്പടി, സിറ്റിംഗ് ഫീ ഇനങ്ങളിലായി കൈപ്പറ്റിയിട്ടുണ്ടെന്നുമുള്ള വിവരം നൽകാമോ? | (ഇ) | 2012-13 സാമ്പത്തിക വർഷത്തിൽ സാക്ഷരതാ മിഷന്റെ പേഴ്സണൽ & അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 16 മീറ്റിംഗുകളും, അക്ഷര കൈരളി, പത്രാധിപസമിതി കമ്മറ്റിയുടെ 7 മീറ്റിംഗുകളും കൂടിയിട്ടുണ്ട്. പ്രസ്തുത കമ്മറ്റികൾ കൂടിയ തീയതികൾ, പങ്കെടുത്ത അംഗങ്ങൾ, അവർ വാങ്ങിയിട്ടുള്ള യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ